ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 18.11.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ജി- 20 ഉച്ചകോടിക്ക് ബ്രസീലിലെ റിയോ ഡി ജനേറോയിൽ തുടക്കം ; ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

**G20 Summit begins in Rio De Janeiro in Brazil; PM Narendra Modi to attend the G20 Summit.**

2. നിയമസഭാ തിരഞ്ഞെടുപ്പിന് രണ്ട് ദിവസം ബാക്കി നിൽക്കെ മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും.

**Today is the last day of campaigning for the Maharashtra and Jharkhand Assembly elections.**

3. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് കൊട്ടിക്കലാശം ഗംഭീരമാക്കാനൊരുങ്ങി മുന്നണികൾ.

**Campaigns of all the fronts reach fever pitch for the Palakkad Assembly by-elections as the campaigning concluding today.**

4. ശ്രീലങ്കയിൽ പുതിയ മന്ത്രിസഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും; മന്ത്രിസഭയിൽ 22 അംഗങ്ങൾ; ഹരിണി അമരസൂര്യ പ്രധാനമന്ത്രി.

**New 22 member Cabinet sworn in today in Sri Lanka; Harini Amarasuriya continues as the Prime Minister.**

5. ലക്സംബർഗിൽ നടന്ന ജിടി ഓപ്പൺ അമ്പെയ്ത്ത് മത്സരത്തിന്റെ വനിതാ കോമ്പൗണ്ട് ഇനത്തിൽ സ്വർണ്ണ നേട്ടവുമായി ഇന്ത്യയുടെ ജ്യോതി സുരേഖ വെണ്ണം.

**In Archery, Jyothi Surekha Vennam clinched the gold medal in the women's compound event at the GT Open in Luxembourg.**

&&&&&&&&&&&&&&&&

# HEADLINE – 1

**PM - G20**

ബ്രസീലിലെ റിയോ ഡി ജനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. നൈജീരിയൻ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി ബ്രസീലിൽ എത്തിയത്. ജി-20 ഉച്ചകോടിയിൽ, വിവിധ ആഗോള വിഷയങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി അവതരിപ്പിക്കും. ഉച്ചകോടിയിൽ പങ്കെടുക്കാൻ എത്തുന്ന രാഷ്ട്രതലവൻമാരുമായും ശ്രീ മോദി കൂടികാഴ്ച നടത്തും. ഇന്നും നാളെയുമായി നടക്കുന്ന ഉച്ചകോടിയിൽ യു.എസ് പ്രസിഡന്റ് ജോ ബൈഡൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംഗ് തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ അവസാന പാദത്തിൽ പ്രധാനമന്ത്രി ഗയാനയിലെത്തും.

&&&&&&&&&&&&&&&&

# HEADLINE – 2

**ELECTION - MAHA - JHAR.**

നിയമസഭാ തിരഞ്ഞെടുപ്പിന് രണ്ട് ദിവസം ബാക്കി നിൽക്കെ മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വോട്ടർമാരുടെ പിന്തുണ നേടാനുള്ള അവസാന വട്ട ശ്രമങ്ങളിലാണ് രാഷ്ട്രീയ കക്ഷികൾ. 288 സീറ്റുകളുള്ള മഹാരാഷ്ട്രയിൽ ബുധനാഴ്ച ഒറ്റഘട്ടമായി വോട്ടെടുപ്പ് നടക്കും. 4,136 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ഝാർഖണ്ഡിൽ

തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടമാണ് ബുധനാഴ്ച നടക്കുന്നത്. ഈ മാസം 23 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&

**JHARKHAND-EC**

ഝാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണം അവസാനിച്ചതിന് ശേഷം സ്വകാര്യ വാഹനങ്ങളിൽ ബാനറോ ബോർഡോ ഉപയോഗിക്കുന്നത് തിരഞ്ഞെടുപ്പ് കമ്മീഷൻ നിരോധിച്ചു. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ ജില്ലാ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ പറഞ്ഞു.

&&&&&&&&&&&&&&&&

# HEADLINE – 3

**PALAKKAD**

ബുധനാഴ്ച നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് പ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം. നാളെ നിശബ്ദ പ്രചാരണം. നഗരത്തിലെ സ്റ്റേഡിയം സ്റ്റാന്റ് പരിസരത്താണ് മുന്നണികളുടെ കൊട്ടിക്കലാശം നടക്കുക. എൽ.ഡി.എഫ് സ്ഥാനാർഥി പി സരിൻ, യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ, എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാർ എന്നിവരുടെ കൊട്ടിക്കലാശം വിവിധ ഇടങ്ങളിൽ നിന്ന് ആരംഭിക്കും. വൈകീട്ട് 4 മണി മുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

**PALAKKAD MARCH**

പാലക്കാട് വ്യാജ വോട്ടുകൾ ചേർത്ത് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുന്നു വെന്ന് ആരോപിച്ച് എൽ.ഡി.എഫ് കളക്ട്രേറ്റ് മാർച്ച്

നടത്തി. നേതാക്കൾ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ ജില്ലാ കളക്ടറെ കണ്ട് ഇത് സംബന്ധിച്ച് പരാതികൾ നൽകി.

&&&&&&&&&&&&&&&&

## SCIENCE FEST-ALAPPUZHA

ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേള ഇന്ന് സമാപിക്കും. മലപ്പുറം ജില്ലയാണ് നിലവിൽ മുന്നിൽ. കണ്ണൂർ രണ്ടാമതും തൃശ്ശൂർ മൂന്നാം സ്ഥാനത്തുമുണ്ട്. പുതിയ സാങ്കേതികവിദ്യകളും ആശയങ്ങളും അവതരിപ്പിച്ച് ശ്രദ്ധേയമായ പ്രകടനമാണ് കുട്ടികൾ നടത്തിയത്. ഇന്ന് വൈകിട്ട് നടക്കുന്ന സമാപനസമ്മേളനം മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ വി ശിവൻകുട്ടി, സജി ചെറിയാൻ, പി പ്രസാദ് എന്നിവർ പങ്കെടുക്കും.

&&&&&&&&&&&&&&&&

## MANSOOKH MANDAVYA (INTRO)

2025- ലെ ദേശീയ യുവജനോത്സവം വികസിത് ഭാരത് യുവ നേതൃ സംവാദം എന്ന പേരിൽ ആഘോഷിക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യത്തെ യുവാക്കളുടെ നൂതനാശയങ്ങളും നൈപുണ്യവും പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തെ യുവജനങ്ങളെ ശാക്തീകരിക്കാനും അതിലൂടെ യുവനേതൃ നിര ശക്തിപ്പെടുത്താനുമാണ് പരിപാടി ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

( വോയിസ് )

&&&&&&&&&&&&&&&&

## MANIPUR- SHA

മണിപ്പൂരിൽ സംഘർഷാവസ്ഥ തുടരുന്ന സാഹചര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ യുടെ നേതൃത്വത്തിൽ ഇന്ന് വിശദമായ യോഗം ചേരുമെന്ന് സൂചന. സംസ്ഥാനത്തെ സുരക്ഷാ സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി ഇന്നലെ അവലോകനം ചെയ്തിരുന്നു. മണിപ്പൂരിൽ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സുരക്ഷാ സേനയ്ക്ക് നിർദേശം നൽകിയതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

**DD DG PASSED AWAY**

മുതിർന്ന ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഓഫീസറും മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമിന്റെ പ്രസ് സെക്രട്ടറിയുമായിരുന്ന എസ് എം ഖാൻ അന്തരിച്ചു. 67 വയസ്സായിരുന്നു. 1982 ബാച്ച് ഐ.ഐ.എസ് ഉദ്യോഗസ്ഥനായ എസ് എം ഖാൻ ഡിഡി ന്യൂസ് ഡയറക്ടർ ജനറൽ പദവി വഹിച്ചിട്ടുണ്ട്. പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ആർ.എൻ.ഐ ഉൾപ്പെടെയുള്ള ഇടങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&

**DELHI - GRAP 4**

വായു മലിനീകരണം അതീവ ഗുരുതരമായി തുടരുന്ന ഡൽഹിയിൽ, ഇന്നുമുതൽ ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ 4 ഏർപ്പെടുത്താൻ തീരുമാനം. GRAP-4 പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വലിയ വാഹനങ്ങളുടെ പ്രവേശനം നിരോധിക്കും. എന്നാൽ അവശ്യസാധനങ്ങൾ കൊണ്ടുപോകുന്നതും അവശ്യ സേവനങ്ങൾ നൽകുന്നതുമായ ട്രക്കുകൾക്ക് പ്രവേശനമുണ്ട്. സിഎൻജി, ഇലക്ട്രിക്, ബിഎസ്-VI ഡീസൽ ട്രക്കുകളും അനുവദിക്കും. 10, 12 ക്ലാസുകൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും നേരിട്ടുള്ള ക്ലാസുകൾ നിർത്തിവയ്ക്കാൻ ഡൽഹി സർക്കാർ തീരുമാനിച്ചു.

&&&&&&&&&&&&&&&&

# HEADLINE – 4

## SL- SWEARING-IN

ശ്രീലങ്കയിൽ പുതിയ മന്ത്രിസഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. പ്രസിഡന്റ് അനുര കുമാര ദിസനായകെയുടെ സാന്നിധ്യത്തിലായിരുന്നു 22 അംഗ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ. ഹരിണി അമരസൂര്യ ശ്രീലങ്കയുടെ പ്രധാനമന്ത്രിയായി തുടരും.

&&&&&&&&&&&&&&&&

## ISRO - GSAT-20

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 നാളെ യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്ക്കിന്റെ ഉടമസ്ഥതയിലുള്ള Space X ന്റെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുന്നതെന്ന് ഐ.എസ്.ആർ.ഒ മേധാവി എസ് സോമനാഥ് അറിയിച്ചു. വിദൂര പ്രദേശങ്ങളിലേക്കുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

&&&&&&&&&&&&&&&&

## AWARENESS DAY ( INTRO)

ഇന്ന് കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണദിനം. എല്ലാ വർഷവും നവംബർ 18 ന് കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങൾ, അക്രമം, കുട്ടികളെ ദുരുപയോഗം ചെയ്യൽ തുടങ്ങിയവ തടയുന്നത് ലക്ഷ്യമിട്ട് ദിനാചരണം സംഘടിപ്പിക്കുന്നു. വളർന്നുവരുന്ന സാങ്കേതിക വിദ്യകളിലൂടെ കുട്ടികൾ നേരിടുന്ന ചൂഷണങ്ങളും അവ തടയാനുള്ള അവസരങ്ങളും എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിൻെറ പ്രാധാന്യത്തെ കുറിച്ച് സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം അഡ്വ.മോഹൻകുമാർ ആകാശവാണിയോട്......
( വോയിസ് )

&&&&&&&&&&&&&&&&

# HEADLINE – 5

## JYOTHI SUREKHA - GOLD

ലക്സംബർഗിൽ നടന്ന ജിടി ഓപ്പൺ അമ്പെയ്ത്ത് മത്സരത്തിന്റെ വനിതാ കോമ്പൗണ്ട് ഇനത്തിൽ ഇന്ത്യയുടെ ജ്യോതി സുരേഖ വെണ്ണം സ്വർണം നേടി. നിലവിലെ ഏഷ്യൻ ഗെയിംസ് ചാമ്പ്യനായ ജ്യോതി ആദ്യമായാണ് ജിടി ഓപ്പണിൽ മത്സരിക്കുന്നത്. അതേസമയം, പുരുഷന്മാരുടെ കോമ്പൗണ്ട് ഇനത്തിൽ അഭിഷേക് വെള്ളി മെഡൽ സ്വന്തമാക്കി. നെതർലൻഡ്സിൻ്റെ മൈക്ക് സ്ക്ളോസറിനാണ് സ്വർണ്ണം.

&&&&&&&&&&&&&&&&

## BGT 2024

ഓസ്ട്രേലിയയ്ക്കെതിരെ ഈ മാസം 22 ന് പെർത്തിൽ ആരംഭിക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയുടെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യയുടെ ടെസ്റ്റ് ക്യാപ്റ്റൻ രോഹിത് ശർമ്മ കളിക്കില്ല. പകരം വൈസ് ക്യാപ്റ്റൻ ജസ്പ്രീത് ബുംറ ടീമിനെ നയിക്കും. ഫീൽഡിംഗ് പരിശീലനത്തിനിടെ കൈവിരലിന് പരിക്കേറ്റ ഓപ്പണർ ശുഭ്മാൻ ഗില്ലും ആദ്യ ടെസ്റ്റിൽ ഉണ്ടാകില്ല. കെ എൽ രാഹുലും അഭിമന്യു ഈശ്വരനും ടീമിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## IMD-WEATHER

രാജ്യത്ത് വടക്കുപടിഞ്ഞാറൻ മേഖലയിൽ അടുത്ത നാല് ദിവസത്തിനുള്ളിൽ താപനില 2-3 ഡിഗ്രി സെൽഷ്യസ് കുറയുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, രാജസ്ഥാൻ, വടക്കൻ ഉത്തർപ്രദേശ്, തുടങ്ങിയ ഇടങ്ങളിൽ മൂടൽമഞ്ഞിന് സാധ്യതയുണ്ട്. തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, കേരളം, മാഹി എന്നിവിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&

## BADRINATH DHAM CLOSED

ശൈത്യകാലം ആരംഭിച്ചതിനെ തുടർന്ന് ഉത്തരാഖണ്ഡിലെ ശ്രീ ബദരീനാഥ് ക്ഷേത്രം അടച്ചു. ചമോലി ജില്ലാ മജിസ്ട്രേറ്റ് സന്ദീപ് തിവാരി ബദരീനാഥ് ധാം സന്ദർശിച്ച് ക്രമീകരണങ്ങൾ അവലോകനം ചെയ്തു. തീർത്ഥാടകർക്ക് സുരക്ഷയൊരുക്കിയ പോലീസ് സേനയെയും ഐടിബിപിയെയും ക്ഷേത്ര കമ്മിറ്റി ഭാരവാഹികളെയും ജീവനക്കാരെയും അദ്ദേഹം അഭിനന്ദിച്ചു.

&&&&&&&&&&&&&&&&

## Sensex + Gold

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ ചാഞ്ചാട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 72 പോയിൻറ് താഴ്ന്ന് 77,5 32- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 2 പോയിൻറ് ഉയർന്ന് 23,535-ലും വ്യാപാരം തുടരുന്നു . സ്വർണവില കൂടി. ഗ്രാമിന് 60 രൂപ വർധിച്ച് 6,995 രൂപയും, പവന് 55,960 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

## AYUSHMAN HEALTH CARD

രാജ്യത്ത് പുതുതായി പുറത്തിറക്കിയ ആയുഷ്മാൻ വയ വന്ദന കാർഡ്, 70 വയസും അതിനു മുകളിലുമുള്ള 10 ലക്ഷത്തിലധികം മുതിർന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് സുപ്രധാന നേട്ടം കൈവരിച്ചതായി കേന്ദ്രസർക്കാർ. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന പ്രകാരം സൗജന്യ ആരോഗ്യ പരിരക്ഷാ ആനുകൂല്യങ്ങൾ കാർഡ് വഴി മുതിർന്ന പൗരന്മാർക്ക് ലഭ്യമാകും. ആയുഷ്മാൻ വയ വന്ദന കാർഡിനായി രജിസ്റ്റർ ചെയ്തവരിൽ ഏകദേശം 4 ലക്ഷം പേർ സ്ത്രീകളാണ്..

&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&